MATHRUBHUMI - 01-02-2025

# ഐ.സി.എ.ആർ. - സിഫ്റ്റ് കർഷക സംഗമം

കൊച്ചി ▸ കേന്ദ്ര മത്സ്യസാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ. സിഫ്റ്റും സ്റ്റേറ്റ് സീഡ് ഫാമും ചേർന്ന് കർഷക സംഗമവും പരിശീലന പ്രദർശനവും ഒക്കൽ ഫാം ഫെസ്റ്റിൽ സംഘടിപ്പിച്ചു.

'മത്സ്യാവശിഷ്ടത്തിൽ നിന്ന് മത്സ്യത്തീറ്റയും ജൈവവള നിർമാണവും' എന്ന വിഷയത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ അധ്യക്ഷത വഹിച്ചു.



▶ മാലിന്യസംസ്കരണത്തിൽ സംയുക്ത സഹകരണത്തിനുള്ള ധാരണാപത്രം സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ ജി. ഫിലിപ്പിന് കൈമാറുന്നു

പരിപാടിയിൽ മാലിന്യ സംസ്കരണത്തിൽ സംയുക്ത സഹകരണത്തിനുള്ള ധാരണാപത്രം സിഫ്റ്റ് ഡയറക്ടർ ഡോ. ജോർജ് നൈനാൻ സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ ജി. ഫിലിപ്പിന് കൈമാറി.

സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സൈനുദ്ദീൻ എ.എ.യും മറ്റ് ശാസ്ത്രജ്ഞരും കർഷകരുമായി ചർച്ച നടത്തി.

കൃഷിവകുപ്പ് സീനിയർ അഗ്രിക്കൾച്ചർ ഓഫീസർ ജി. ഫിലിപ്പ്, സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റും എസ്.എ.പി. നോഡൽ ഓഫീസറുമായ ഡോ. വി. ഗീതാലക്ഷ്മി എന്നിവർ പങ്കെടുത്തു.